**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 1819 | 10.03.2020 ൽ മറുപടിക്ക്

## കാരുണ്യ ചികിത്സാസഹായം

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാരുണ്യ പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ മാനദണ്ഡങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; | (എ) | ഇല്ല. 01.07.2019 മുതൽ 06.08.2019 ലെസർക്കാർ ഉത്തരവ് G.O(Ms.)122/2019/H&FWD പ്രകാരം കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികൾ വഴി ചികിത്സ സഹായം നൽകുന്നു. KASP ഇൽ 1978 ചികിത്സ പാക്കേജുകൾ 24 സ്പെഷ്യാലിറ്റിസിൽ നൽകുന്നുണ്ട്. മുൻപ് KBF ൽ 319 പാക്കേജുകളിലായി 8 സ്പെഷ്യാലിറ്റിസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ.<br>കേരളത്തിലെ എല്ലാ ജനങ്ങളും APL/BPL വ്യത്യാസം ഇല്ലാതെ അവരുടെ റേഷൻ കാർഡിൽ രേഖപ്പെടുത്തിയ വാർഷിക വരുമാനം മൂന്ന് ലക്ഷത്തിനു താഴെയാണെങ്കിൽ അവർക്കു ചികിത്സ സഹായം ലഭ്യമാണ്.<br>നിർദ്ദിഷ്ട മാതൃകയിൽ പദ്ധതി സേവനം നൽകിവരുന്ന ആശുപത്രിയിൽ ചികിത്സക്ക് വരുമ്പോൾ ആവശ്യമായ രേഖകൾ സഹിതം നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ പൂരിപ്പിച്ച് നൽകുക. പ്രസ്തുത അപേക്ഷ ചിയാക് (SHA) ജില്ലാ പ്രൊജക്ട് മാനേജർ പരിശോധിച്ച് അർഹമായത് അംഗീകാരം നൽകുന്നു. തുടർന്ന് രോഗിക്കു സൗജന്യ ചികിത്സ ലഭിക്കും. |
| (ബി) | പദ്ധതി പ്രകാരമുള്ള ആനുകൂല്യം ഇപ്പോഴും നൽകിവരുന്നുണ്ടെങ്കിൽ പരമാവധി എത്ര ദിവസത്തിനകം രോഗികൾക്ക് ആനുകൂല്യം നൽകുന്നുണ്ട്; ആനുകൂല്യം ലഭ്യമാകുന്നതുവരെയുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; | (ബി) | അർഹത ഉറപ്പു വരുത്തിയതിനുശേഷം കാലതാമസം കൂടാതെ ചികിത്സ തുടങ്ങുമ്പോൾ ചികിത്സ ആനുകൂല്യം ലഭ്യമാകുന്നു. പദ്ധതി സേവനം നൽകിവരുന്ന ആശുപത്രിയിൽ ചികിൽസയ്ക്ക് വരുമ്പോൾ ആവശ്യമായ രേഖകൾ സഹിതം നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ പൂരിപ്പിച്ച് നൽകുക. ചിയാക് (SHA) ജില്ലാ പ്രോജക്ട് മാനേജർ പരിശോധിച്ച് അർഹമായതിന് അംഗീകാരം നൽകുന്നു. തുടർന്ന് ചികിത്സ തേടുന്ന ആശുപത്രിയിൽ സൗജന്യ ചികിത്സ ഗുണഭോക്താവിന് ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | വൃക്ക രോഗികൾക്കും ഡയാലിസിസ് നടത്തി വരുന്നവർക്കും പരമാവധി എത്ര തുക നൽകാറുണ്ട്; സ്വകാര്യ ആശുപത്രികളിൽ ചികിത്സ നടത്തുന്ന ഡയാലിസിസ് രോഗികൾക്ക് ആനുകൂല്യം നൽകുന്നതിന് തടസ്സമുണ്ടോ; | (സി) | വൃക്ക രോഗികൾക്ക പരമാവധി മൂന്ന് ലക്ഷം രൂപവരെ കാരുണ്യ പദ്ധതി വഴി നൽകുന്നു. കാസ്പ് പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികൾ വഴി പദ്ധതി ആനുകൂല്യം നൽകുന്നു. |
| (ഡി) | ആനുകൂല്യം ലഭ്യമാകുന്നതിനുള്ള വരുമാന പരിധി എത്രയാണെന്ന് അറിയിക്കുമോ; | (ഡി) | കുടുംബത്തിന്റെ വാർഷിക വരുമാനം മൂന്ന് ലക്ഷത്തിനു താഴെ ആണെങ്കിൽ ആ കുടുംബത്തിന് പദ്ധതി ഗുണഫലത്തിനു യോഗ്യതയുണ്ട്. |
| (ഇ) | സർക്കാർ മേഖലയിൽ ആവശ്യത്തിന് ഡയാലിസിസ് കേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ ഗുരുതരമായ വൃക്ക രോഗം ബാധിച്ച പല രോഗികളും സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നത് കാരണം പദ്ധതി പ്രകാരമുള്ള ആനുകൂല്യം നിഷേധിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുമോ? | (ഇ) | ആധുനിക സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ അധികാരത്തിൽ വന്ന ശേഷം കിഫ്ബി സഹായത്തോടെ 44 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും 36 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും ബാക്കി സ്ഥാപനങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ഇപ്പോൾ സംസ്ഥാനത്ത് ആകെ 83 ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |

Hari

സെക്ഷൻ ഓഫീസർ